പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2018-ജൂൺ 21, വ്യാഴം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യങ്ങൾ

-21.06.2018-ന് മറുപടി നൽകേണ്ടത്

## ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളിലെ ഗ്രാറ്റുവിറ്റി പരിധി

| | ചോദ്യം -നം.3741<br>ഡോ.എൻ.ജയരാജ് | മറുപടി<br>ശ്രീ.റ്റി.എം.തോമസ് ഐസക്<br>(ബഹു.ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|
| എ | ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വിരമിക്കുമ്പോൾ നൽകുന്ന ഗ്രാറ്റുവിറ്റിയുടെ പരിധി സംബന്ധിച്ച നിബന്ധനയും പരിധിയും വ്യക്തമാക്കാമോ ; | ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വിരമിക്കുമ്പോൾ നൽകുന്ന ഗ്രാറ്റുവിറ്റിയുടെ പരിധി സംബന്ധിച്ച് ഈ വകുപ്പിൽ നിന്ന് നിർദ്ദേശമൊന്നും പുറപ്പെടുവിച്ചിട്ടില്ല. |
| ബി | പരിധി നിശ്ചയിക്കാത്ത ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇല്ലായെങ്കിൽ പരിശോധന നടത്താൻ തയ്യാറാകുമോ; | പരിധി നിശ്ചയിക്കാത്ത ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| സി | പരിധിയില്ലാതെ ഗ്രാറ്റുവിറ്റി നൽകുന്നത് കേന്ദ്ര സർക്കാരിന്റെ ചട്ടങ്ങൾക്ക് വിരുദ്ധമാണോയെന്ന് പരിശോധിക്കുമോ ; | പരിധിയില്ലാതെ ഗ്രാറ്റുവിറ്റി നൽകുന്നത് ശ്രദ്ധയിൽ പെടുകയാണെങ്കിൽ പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കും. പരിധിയില്ലാതെ തൊഴിലുടമ വിഹിതം നൽകുന്ന നടപടി പൊതുമേഖല/ സ്വയംഭരണ/ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ ഉടൻ തന്നെ നിർത്തലാക്കണമെന്ന് 20/10/2011-ലെ സർക്കുലർ നം. 71/2011/ധന ഖണ്ഡിക 2(iii)ൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ അനുമതിയില്ലാതെ വിരമിക്കൽ തീയതി ഉയർത്തുകയും അതിൻ പ്രകാരമുള്ള ഗ്രാറ്റുവിറ്റി അനുവദിക്കുകയും ചെയ്തിട്ടുള്ള കേസ്സുകൾ ഉണ്ടെങ്കിൽ അവ സർക്കാരിനു റിപ്പോർട്ട് ചെയ്യണമെന്ന് ടി സർക്കുലറിലെ ഖണ്ഡിക 2(iv) ൽ പരാമർശിക്കുന്നുണ്ട്. |
| ഡി | ചട്ടങ്ങൾക്ക് വിരുദ്ധമെങ്കിൽ ഖജനാവിന് നഷ്ടം വരുത്തുന്ന ഈ പ്രവണത ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ; സർക്കാർ ഗ്രാന്റ് നൽകുന്ന എല്ലാസ്ഥാപനങ്ങളും ഇ.പി.എഫ് നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ നിയമനിർമ്മാണം നടത്തുമോ; വ്യക്തമാക്കാമോ ? | |

അക്കൗണ്ട്സ് ഓഫീസർ